യൂണിവേഴ്സിറ്റികളിലെ നിയമനം

76 (859)ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ നടത്തുന്ന നിയമനങ്ങളെ സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യൂണിവേഴ്സിറ്റി നിയമനങ്ങളിൽ സംവരണചട്ടം പാലിക്കുന്നില്ലെന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിയമനങ്ങളെ സംബന്ധിച്ച പരാതി ഇല്ലാതാക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) സർവകലാശാല നിയമങ്ങൾ പ്രകാരമാണ് നിയമനങ്ങളെല്ലാം നടത്തുന്നത്. പി.എസ്.സി. വഴി നിയമനം നടത്താനുള്ള ആലോചന സർക്കാരിന്റെ പരിഗണനയിലില്ല.

ടെക്നിക്കൽ യൂണിവേഴ്സിറ്റി

77 (860)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. എ.വി. അബ്ദുറഹിമാൻഹാജി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസം മെച്ചപ്പെടുത്തുവാൻ വേണ്ടി എഞ്ചിനീയറിംഗ് കോളേജുകളെ ഒരു ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യം തീരുമാനിക്കാനും ഒരു ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാനും വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സാങ്കേതിക സർവ്വകലാശാല തുടങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly